# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.KLM/1/1733/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KLM/1/1733/2023 തീയ്യതി: 04/11/2023

# കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഐസക്ക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. അരുൺകുമാർ എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രാകേഷ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ശ്രീകുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ കുമാർ പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ രമേഷ് കെ.എസ് | സെക്രട്ടറി | 01-04-2022 | 26-11-2022 |
| ഷിബുകുമാർ.എസ് | സെക്രട്ടറി | 18-01-2023 | 31-03-2023 |
| നജീബ് എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-11-2022 | 17-01-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .പ്രിയകുമാർ പി | കൃഷി ഓഫീസർ | 01-04-2022 | 03-02-2023 |
| ശ്രീ.അജയകുമാർ | കൃഷി ഓഫീസർ | 03-02-2023 | 31-03-2023 |
| ശ്രീമതി മിന്റു മോഹൻ | വി ഇ ഒ- | 01-04-2022 | 31-03-2023 |
| ശ്രീ നവാസ് എസ് | വി ഇ ഒ- | 01-04-2022 | 31-03-2023 |
| ഡോ പ്രകാശ് | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി അശ്വതി പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അജിതകുമാരി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി കാർത്തിക എം എസ് | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ അനിൽ കുമാർ ജി | അസി.സെക്രട്ടറി | 01-04-2022 | 26-11-2022 |
| ശ്രീ.നജീബ്. എം | അസി.സെക്രട്ടറി | 26-11-2022 | 31-03-2023 |
| ഡോ തോമസ്സ് കോശി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 20-06-2022 |
| ഡോ.രഞ്ജിനി ആർ.വി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 20-06-2022 | 23-08-2022 |
| ഡോ.പ്രവീൺ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 23-08-2022 | 31-03-2023 |
| സിന്ധു എസ് | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി രമ്യാ സത്യൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 06-12-2022 |
| ശ്രീമതി ശ്രീലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനിയർ | 07-12-2022 | 14-12-2022 |
| ശ്രീ. പ്രമോദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 15-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. പ്രദീപ് റ്റി എ | വെറ്ററിനറി സർജൻ | 01-04-2022 | 12-08-2022 |
| ശ്രീ. അനിൽ കുമാർ ആർ | വെറ്ററിനറി സർജൻ | 12-08-2022 | 31-03-2023 |
| ശ്രീമതി തസ്ലീമ ബീഗം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | വാർഷിക കണക്കിലെ തുകകളും വരവ് രേഖകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-03 |
| 5 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല | 1-1-04 |
| 6 | ലൈഫ് സംസ്ഥാന വിഹിതം - രജിസ്റ്ററിലെ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-05 |
| 7 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-06 |
| 8 | KURDFC ലോൺ- വാർഷിക കണക്കിലെ തുകയും രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-07 |
| 9 | കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-08 |
| 10 | എ.സി.ആർ. പ്രകാരമുള്ള ചെലവും സുലേഖ പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. | 1-1-09 |
| 11 | സി എഫ് സി ഫണ്ടിന്റെ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | പെട്രോൾ പമ്പിന്റെ കനോപി ഏരിയ ഒഴിവാക്കി വസ്തുനികുതി നിർണ്ണയിച്ചു | 1-11 |
| 22 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-12 |

| | | |
|---|---|---|
| 23 | പിഴപ്പലിശ ഈടാക്കിയില്ല | 1-13 |
| 24 | ലേലം ഇനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടം | 1-14 |
| 25 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 6,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 26 | ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല - 1,00,000/- -രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 27 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 3,74,674/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 28 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയില്ല. | 1-18 |
| 29 | ഘടക സ്ഥാപനങ്ങളുടെ നവീകരണം -നിർവ്വഹണ ഏജൻസിക്ക് അധികമായി നല്കിയ തുകയുടെ ചെലവ് നിരാകരിക്കുന്നു. | 1-19 |
| 30 | ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ വാഹനം ഉപയോഗപ്രദമല്ല | 1-20 |
| 31 | ലൈഫ് ഭവനനിർമ്മാണം - പൂർത്തിയാക്കാൻ അവശേഷിക്കുന്നു. | 1-21 |
| 32 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 8,41,235/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 33 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-23 |
| 34 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - മെറ്റീരിയൽ പ്രവൃത്തി ബില്ലുകളിൽ ജി.എസ്.റ്റി. (2% റ്റി.ഡി.എസ്. ആയി) കുറവ് ചെയ്തില്ല. | 1-24 |
| 35 | ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല | 1-25 |
| 36 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - നാളിതുവരെ പൂർത്തീകരിച്ചില്ല - തടസ്സപ്പെടുത്തുന്ന ചെലവ് - 25,000/-രൂപ | 1-26 |
| 37 | പൂർത്തീകരണ കാലാവധി ദീർഘിച്ചതിനുള്ള പിഴ ഈടാക്കിയില്ല | 1-27 |
| 38 | ഹരിതകർമ്മസേന അവലോകനം | 1-28 |
| 39 | രാഗസരോവരം-രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കണം. | 1-29 |
| 40 | വാടക കുടിശ്ശിക ഈടാക്കിയില്ല | 1-30 |
| 41 | തനത് വരുമാനം-അവലോകനം | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഘടക സ്ഥാപനങ്ങളുടെ നവീകരണം -നിർവ്വഹണ ഏജൻസിക്ക് അധികമായി നല്കിയ തുക നിരാകരിക്കുന്നു. | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 24-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 26-07-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം.
അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ “Net Increase/decrease In Cash And Cash Equivalents” 2,06,26,660/- രൂപയും Net Cash Generated By Operating + Investing + Financing Activity – 2,93,95,839/-രൂപയും ആണ്. മേൽ തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താനാവുന്നില്ല.

### 1-1-03 വാർഷിക കണക്കിലെ തുകകളും വരവ് രേഖകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വസ്തു നികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡി.സി.ബി. പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
ലേലം, വാടക എന്നീ വരവ് ഇനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-04 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

സി.എഫ്.സി. ബേസിക് ഗ്രാന്റ്, റൈഡ് എന്നീ ഫണ്ടുകളുടെ ബാങ്ക് നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നുണ്ടെങ്കിലും 320200104, 320200113 എന്നീ ഹെഡുകളിൽ ചെലവ് ജേണൽ ചെയ്തിരിക്കുന്ന ₹14,48,077/-, ₹1,36,52,008/- എന്നീ തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

### 1-1-05 ലൈഫ് സംസ്ഥാന വിഹിതം - രജിസ്റ്ററിലെ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് സംസ്ഥാന വിഹിതത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷത്തെ ആകെ വരവ് 3,13,00,000/- രൂപയും ചെലവ് 2,69,40,000/- രൂപയുമാണ്. എന്നാൽ രജിസ്റ്റർ പ്രകാരം തൻവർഷത്തെ വരവ് 2,67,40,000/- (മുൻബാക്കി ഉൾപ്പെടെ) രൂപയും ചെലവ് 1,31,40,000/- രൂപയുമാണ്.

### 1-1-06 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക അഡ്വാൻസിൽ ഉൾപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഏജൻസികൾക്ക് അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമല്ല. കൂടാതെ വാട്ടർ അതോറിറ്റിക്ക് മുൻവർഷം വരെ ഡെപ്പോസിറ്റ് നല്കിയിരുന്ന തുകയേക്കാൾ 10,00,000/- രൂപ കുറവാണ് നിലവിലെ വാർഷിക ധനകാര്യപത്രകയിൽ ഉൾപ്പെട്ടിട്ടുള്ള ബാലൻസ് തുക. ഈ 10,00,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2. B-7 ഷെഡ്യൂൾ പ്രകാരം തൻവർഷം ലഭിച്ച ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-7 ഷെഡ്യൂളിലെ ആകെ തുകയുടെ ആധികാരികത വ്യക്തമല്ല.

3. B-12 ഷെഡ്യൂൾ പ്രകാരമുള്ള 1,000/-രൂപയുടെ ഇൻവെസ്റ്റ്മെന്റിന്റെ നിലവിലെ സ്ഥിതി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-07 KURDFC ലോൺ- വാർഷിക കണക്കിലെ തുകയും രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

KURDFC വായ്പ രജിസ്റ്റർ പരിപാലിക്കുന്നില്ല. എ.എഫ്.എസ്. പ്രകാരം 8,45,16,093/-രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നു. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

### 1-1-08 കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

കുളത്തുപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം (31.03.23) (അക്കൗണ്ട് നം-101003345) Cheque Issued But Not Presented Into Bank എന്ന ശീർഷകത്തിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം./ തീയതി | തുക (₹) |
|---|---|

| | |
|---|---|
| 200598/15.2.19 | 345/- |
| 200697/22.12.20 | 250/- |
| 207487/10.08.22 | 268/- |
| 200977/22.1.21 | 866/- |
| 200965/22.1.21 | 500/- |
| 200966/22.1.21 | 1,000/- |

## 1-1-09 എ.സി.ആർ. പ്രകാരമുള്ള ചെലവും സുലേഖ പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

1. വികസന ഫണ്ട്-ജനറൽ – പ്രോ.നം. 14 ACR പ്രകാരമുള്ള ചെലവ് –1,50,000/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് – 1,06,562/- രൂപയാണ്. 43,438/- രൂപയുടെ ചെലവ് തൻവർഷം നടന്നിട്ടില്ല.

2. വികസന ഫണ്ട്-എസ്.സി.പി. – പ്രോ.നം.225 ACR പ്രകാരമുള്ള ചെലവ് – 2,03,000/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ഇല്ല (2,03,000/- രൂപയുടെ വ്യത്യാസം). കൂടാതെ പ്രോ. നം. 103 പ്രകാരമുള്ള 3,89,931/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ ഇല്ല. ആയതിൽ പ്രോജക്ട് നം. 225 പ്രകാരമുള്ള ചെലവ് തൻവർഷം നടന്നിട്ടില്ല. എന്നാൽ പ്രോജക്ട് നം. 103 പ്രകാരമുള്ള ചെലവ് നടന്നിട്ടുണ്ട്.

3. വികസന ഫണ്ട്-ടി.എസ്.പി. – പ്രോ.നം.116 ACR പ്രകാരമുള്ള ചെലവ് – 1,50,000/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ഇല്ല (1,50,000/- രൂപയുടെ വ്യത്യാസം). ഈ ചെലവ് തൻവർഷം നടന്നിട്ടുണ്ട്.

## 1-1-10 സി എഫ് സി ഫണ്ടിന്റെ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം സി എഫ് സി അക്കൗണ്ടിൽ 8,88,506/- രൂപ പലിശ ഇനത്തിൽ വരവ് ഉണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെട്ട് വന്നില്ല. കൂടാതെ സി എഫ് സി ഫണ്ടിന്റെ RP-40(b) പ്രകാരമുള്ള ബാലൻസ് 3,53,02,654/-രൂപയും B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് 3,47,81,809/- രൂപയുമാണ്. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 3,74,614/- രൂപയുടെ അൺക്യാഷ്ഡ് ചെക്ക് ഉണ്ട്. ഇതോടൊപ്പം പലിശ കൂടി കൂട്ടിയാൽ 6,953/- രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് പ്രോജക്ട് നം. 7 പ്രകാരമുള്ള 6,953/- രൂപ രണ്ടു തവണ ക്യാഷ് ബുക്കിൽ കുറച്ചത് മൂലമുള്ളതാണ്

## 1-2 ബജറ്റ്

26-02-2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21-03-2023 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹5,60,23,916/- |
| വരവ് | ₹17,29,51,753/- |
| ആകെ | ₹22,89,75,669/- |
| ചെലവ് | ₹15,23,25,093/- |
| നീക്കിയിരിപ്പ് | ₹7,66,50,576/- |
| വരവിനങ്ങളിലെ നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലെ നഷ്ടം | ₹22,851/- |
| തടസ്സപ്പെടുത്തിയ തുക | ₹19,65,909/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി./ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7,00,55,000/- | 7,00,55,000/- | 6,25,35,211/- | 75,19,789/- |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 1,55,66,000/- | 1,55,66,000/- | 1,53,63,000/- | 2,03,000/- |
| വികസന ഫണ്ട്-റ്റി.എസ്.പി. | 0 | 42,28,000/- | 42,28,000/- | 42,28,000/- | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 96,97,850/- | 96,97,850/- | 69,26,517/- | 27,71,333/- |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 1,02,72,000/- | 1,02,72,000/- | 79,90,691/- | 22,81,309/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant Bank) | 1,94,28,894/- | 13,07,056/- | 3,24,99,400/- | 18,15,738/- | 3,06,83,662/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant Treasury) | 0 | 25,41,613/- | 25,41,613/- | 9,61,161/- | 15,80,452/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ബാങ്ക്) | 0 | 1,82,71,000/- | 1,82,71,000/- | 1,36,52,008/- | 46,18,992/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ട്രഷറി) | 0 | 1,58,08,272/- | 1,58,08,272/- | 33,38,219/- | 1,24,70,053/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 4/- | 11,80,624/- | 11,80,628/- | 11,80,627/- | 1/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 8,43,802/- | 22,68,675/- | 31,12,477/- | 8,22,498/- | 22,89,979/- |
| TSC | 2,36,872/- | 0 | 2,36,872/- | 0 | 2,36,872/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ്- സ്റ്റേറ്റ് ഷെയർ | 1,02,70,000/- | 3,13,00,000/- | 4,15,70,000/- | 2,69,40,000/- | 1,46,30,000/- |
| ശുചിത്വ മിഷൻ ഗ്രാന്റ് | 54,16,467/- | 0 | 54,16,467/- | 0 | 54,16,467/- |
| SGSY | 4,616/- | 0 | 4,616/- | 49 | 4,567/- |
| ബഡ്സ് സ്കൂൾ | 9,83,476/- | 0 | 9,83,476/- | 0 | 9,83,476/- |
| ജലനിധി | 20,17,557/- | 50,554/- | 20,68,111/- | 10,07,446/- | 10,60,665/- |
| കോർപ്പസ് ഫണ്ട് | 0 | 4,06,167/- | 4,06,167/- | 0 | 4,06,167/- |
| അവാർഡ് | 4,000/- | 0 | 4,000/- | 0 | 4,000/- |
| ഹെൽത്ത് ഗ്രാന്റ് | 0 | 4,13,786/- | 4,13,786/- | 4,12,601/- | 1,185/- |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 0 | 4,32,449/- | 4,32,449/- | 4,26,316/- | 6,133/- |

1. വികസന ഫണ്ട്-ജനറൽ – പ്രോ.നം. 14 - ACR പ്രകാരമുള്ള ചെലവ് –1,50,000/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് – 1,06,562/- രൂപയാണ് (43,438/- രൂപയുടെ ചെലവ് തൻവർഷം നടന്നിട്ടില്ല).
2. വികസന ഫണ്ട്-എസ്.സി.പി. – പ്രോ.നം. 225 – ACR പ്രകാരമുള്ള ചെലവ് 2,03,000/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ഇല്ല (2,03,000/- രൂപയുടെ വ്യത്യാസം). ടി ചെലവ് തൻവർഷം നടന്നിട്ടില്ല. കൂടാതെ പ്രോ. നം. 103 പ്രകാരമുള്ള 3,89,931/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ ഇല്ല. ഈ ചെലവ് തൻവർഷത്തെ യഥാർത്ഥ ചെലവാണ്.
3. വികസന ഫണ്ട്-ടി.എസ്.പി. – പ്രോ.നം. 116 - ACR പ്രകാരമുള്ള ചെലവ് – 1,50,000/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ഇല്ല (1,50,000/- രൂപയുടെ വ്യത്യാസം). ഈ ചെലവ് തൻവർഷം നടന്നിട്ടുണ്ട്. ആയത് സുലേഖ സ്റ്റേറ്റ്മെന്റിൽ ഇല്ല.
4. സി.എഫ്.സി. ഗ്രാന്റ് – തൻവർഷം പലിശ ഇനത്തിൽ 8,88,506/-രൂപ വരവുണ്ട്. എന്നാൽ RP-30 പ്രകാരമുള്ള വരവിനത്തിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല.
5. സി.എഫ്.സി. പി.എഫ്.എം.എസ്. അക്കൗണ്ടിന്റെ RP 40(b) പ്രകാരമുള്ള ബാലൻസ് തുക 3,53,02,654/- രൂപയാണ്. എന്നാൽ B4 ഷെഡ്യൂൾ പ്രകാരം ബാലൻസ് തുക 3,47,81,809/-രൂപ മാത്രമാണ് (ഖ.1-1-10 ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്).
6. സി.എഫ്.സി. ഫണ്ടിന്റെ വിനിയോഗം പരിശോധിക്കുന്നതിന് ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി ടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 296 | 46,63,07,651/- | 188 | 20,21,34,326/- | 0 | 86 | 63.51% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4/- | 11,80,624/- | 11,80,628/- | 11,80,627/- | 1/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9,79,14,366/- | 9,79,14,366/- | 9,79,14,366/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16,800/- | |
| കർഷകതൊഴിലാളി പെൻഷൻ | 35,90,800/- | |
| വിധവാപെൻഷൻ | 2,09,21,100/- | |
| വാർദ്ധക്യകാലപെൻഷൻ | 4,36,15,400/- | |
| വികലാംഗപെൻഷൻ | 56,85,900/- | |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 4,20,600/- | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-09-2023ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,735/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. റീകൺസീലിയേഷനിലെ അപാകതകൾ പരിഹരിക്കുന്നതിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. ഈ ഇനത്തിലുള്ള വരുമാന സാദ്ധ്യതകൾ കൂടി പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിലും ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/09/2022 | 01/04/2022 – 30/06/2022 | 06/10/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/03/2018 | 2013-14 To 2017-18 | 20/06/2018 |

## 1-11 പെട്രോൾ പമ്പിന്റെ കനോപി ഏരിയ ഒഴിവാക്കി വസ്തുനികുതി നിർണ്ണയിച്ചു

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 2022-23 ൽ ശ്രീ. മൈതീൻപിച്ചറാവുത്തറുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന് കുളത്തുപ്പുഴ പഞ്ചായത്തിലെ 10-ാം വാർഡിലെ 827-ാംനമ്പരായി കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടയുടമ 10/02/2023ൽ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ അപേക്ഷയിൽ 64.02 ച.മീറ്റർ ഓഫീസ് കെട്ടിടവും 160 ച.മീറ്റർ കനോപിയും നിർമ്മിച്ചതായും കെട്ടിടത്തിന് കെട്ടിടനമ്പർ ലഭ്യമാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കനോപി ഏരിയ ഒഴിവാക്കിയാണ് വസ്തു നികുതി നിർണ്ണയിച്ചത് പെട്രോൾ അല്ലെങ്കിൽ ഡീസൽ വിപണനം ചെയ്യുന്ന സ്ഥലം (കനോപി) ഓപ്പൺ സ്പെയ്സ്സായി നിലനിർത്തുന്നത് വിവിധ ഭാഗങ്ങളിലൂടെ ഒരേ സമയം നിരവധി വാഹനങ്ങൾ കടന്നുവരുന്നതിന് തടസം ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ്. കനോപി

ഏരിയായുടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുന:നിർണ്ണയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പെട്രോൾ പമ്പുകളുടെയും വസ്തുനികുതി കൃത്യമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ചിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

വനം വകുപ്പിന്റെ വനമ്യൂസിയത്തിനും അനുബന്ധ കെട്ടിടങ്ങൾക്കും നമ്പർ ലഭിക്കുന്നതിനായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് റേഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം വാർഡ് നമ്പർ 3 ൽ കെട്ടിടനമ്പർ 1699, 1700, 1701, 1702 ൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് സ്വകാര്യഹോം സ്റ്റേ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 15/-രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചത്. 08-09-2020 ലെ സ.ഉ(അ)നം.53/2020/തസ്വഭവ ഉത്തരവ് പ്രകാരം വീടിനോടനുബന്ധിച്ച് ഒന്നോ രണ്ടോ മുറികൾ ഹോംസ്റ്റേയായി ഉപയോഗിക്കുന്നവയ്ക്കാണ് സ്വകാര്യ ഹോംസ്റ്റേ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ വനം വകുപ്പിന്റെ വനമ്യൂസിയത്തിനും അനുബന്ധമായി ലോഡ്ജ് സ്വഭാവത്തിലുള്ള ഗസ്റ്റ് ഹൗസിനും സ്വകാര്യ ഹോംസ്റ്റേയ്ക്ക് ബാധകമായ നിരക്ക് നിർണ്ണയിച്ചതുമൂലം നികുതി നഷ്ടമുണ്ടായി. തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം A2വിഭാഗം-ലോഡ്ജ് വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 20/-രൂപയായി കളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതുപ്രകാരം മേൽ പറഞ്ഞ കെട്ടിടത്തിന് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | | |
|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം/ നിരക്ക് | നിശ്ചയിച്ച വസ്തുനികുതി 20% വർദ്ധനവ് (₹) | വിസ്തീർണ്ണം (ച.മീ.) | ഉപയോഗ-ക്രമം/ നിരക്ക് | നിർണ്ണയിക്കേ-ണ്ടിയിരുന്ന വസ്തുനികുതി (₹) | വ്യത്യാസം |
| 3/1702 | ഡി.എഫ്.ഒ. | 363 | സ്വകാര്യ ഹോംസ്റ്റേ/ 15/-രൂപ | 5445+1089 =6,534/- | 363 | A2 വിഭാഗം ലോഡ്ജ്/ 20/-രൂപ | 7260+1452 =8,712/- | 2,178/- |
| 3/1699 | ഡി.എഫ്.ഒ. | 24.16 | സ്വകാര്യ ഹോംസ്റ്റേ/ 15/-രൂപ | 362+72 =434/- | 24.16 | A2വിഭാഗം ലോഡ്ജ്/ 20/-രൂപ | 483+96 =579/- | 145/- |
| 3/1700 | ഡി.എഫ്.ഒ. | 24.16 | സ്വകാര്യ ഹോംസ്റ്റേ/ 15/-രൂപ | 362+72 =434/- | 24.16 | A2വിഭാഗം ലോഡ്ജ്/ 20/-രൂപ | 483+96 =579/- | 145/- |
| 3/1701 | ഡി.എഫ്.ഒ. | 24.16 | സ്വകാര്യ ഹോംസ്റ്റേ/ 15/-രൂപ | 362+72 =434/- | 24.16 | A2വിഭാഗം ലോഡ്ജ്/ 20/-രൂപ | 483+96 =579/- | 145/- |
| | ആകെ | | | | | | | 2,613/- |

വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി-9/29-09-2023) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പിഴപ്പലിശ ഈടാക്കിയില്ല

ലേല രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ലേലക്കാരൻ 2022-23 ലെ ലേലത്തുക യഥാസമയം ഒടുക്ക് വരുത്താതിരുന്നതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല. ലേല വ്യവസ്ഥയിലെ ഖണ്ഡിക-8 പ്രകാരം ലേലതുകയുടെ നാലിൽ ഒന്ന് തുക മുൻകൂർ ഒടുക്ക് വരുത്തേണ്ടതും ബാക്കി തുക ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ 30-ാം തീയതിയ്ക്ക് മുമ്പായി ഒടുക്ക് വരുത്തേണ്ടതുമാണ്. എന്നാൽ യഥാസമയം തുക ഒടുക്കു വരുത്തുന്നതിന് വീഴ്ച

വരുത്തിയതിനാൽ 12% പിഴപ്പലിശ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേലം പിടിച്ച വ്യക്തിയുടെ പേര് | ലേല തുക (₹) | അടച്ച തുക (₹) |
|---|---|---|---|---|
| 1 | ചോഴിയക്കോട് മാർക്കറ്റിൽ മാട്ടിറച്ചി സ്റ്റാൾ- | ശ്രീ. ഷംനാദ്, പേഴുംവിള വീട്, മതിര | 193600+34848 (GST) =2,28,448/- | 2,28,448/- (രസീത് നമ്പർ-1230100587/ 25-05-2023) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2/22-09-2023) മറുപടി ലഭ്യമാക്കിയില്ല. പിഴപ്പലിശ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 ലേലം ഇനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടം

കുളത്തൂപ്പുഴ പബ്ലിക്ക് മാർക്കറ്റിൽ ഗേറ്റ് ഫീസ് പിരിവ് നടത്തുന്നതിനും മാർക്കറ്റിലെ 18 ഓപ്പൺ സ്റ്റാളുകളിലും വിൽപനയ്ക്കായി ചന്തയിൽ കൊണ്ടു വരുന്ന സാധനങ്ങളുടെ വ്യാപാരത്തിനുമുള്ള ഗേറ്റ് ഫീസ് പിരിവ് നടത്തുന്നതിനുമുള്ള അവകാശം 2022 ഫെബ്രുവരി 25 ന് പഞ്ചായത്ത് ഓഫിസിൽ വച്ച് നടന്ന ലേലത്തിൽ 2,90,000 രൂപയ്ക്ക് കളത്തൂപ്പുഴ പോങ്ങും മുകളിൽ വീട്ടിൽ ശ്രീ. അബ്ദുൾ വഹാബ് പേർക്ക് സ്ഥിരപ്പെടുത്തി നൽകിക്കൊണ്ട് 75,550/- രൂപ (ലേലതുക-62,500/- രൂപ, CGST-6,525/-രൂപ, SGST-6,525/- രൂപ) 25-02-2022ലെ 1210105794 നമ്പർ രസീത് പ്രകാരവും 25-02-2022ലെ 1210105794 നമ്പർ രസീത് പ്രകാരവും EMD യായ 10,000/-രൂപ 25-02-2022ലെ 1210105793 നമ്പർ രസീത് പ്രകാരവും ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും ലേലതുക അപര്യാപ്തമാണെന്ന് 26/2/2022 ലെ 3(4) തീരുമാനപ്രകാരം കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ലേലം റദ്ദുചെയ്തു. തുടർന്ന് 9.3.2022, 20.3.2022, 30.03.2022 എന്നീ തീയതികളിൽ പുനർലേലം നടത്തിയെങ്കിലും ആരും തന്നെ ലേലത്തിൽ മേൽ പറഞ്ഞ തുകയേക്കൾ കൂടുതൽ വിളിച്ചില്ല. അതേത്തുടർന്ന് ആദ്യതവണ ലേലം കൊണ്ട ശ്രീ. അബ്ദുൾ വഹാബിന് 2022-23 ൽ കുളത്തൂപ്പുഴ പബ്ലിക്ക് മാർക്കറ്റിൽ ഗേറ്റ് ഫീസ് പിരിവ് നടത്തുന്നതിനും മാർക്കറ്റിലെ 18 ഓപ്പൺ സ്റ്റാളുകളിലും വിൽപനയ്ക്കായി ചന്തയിൽ കൊണ്ടു വരുന്ന സാധനങ്ങളുടെ വ്യാപാരത്തിനുള്ള ഗേറ്റ് ഫീസ് പിരിവ് നടത്താനുള്ള അവകാശം 2,50,000/- രൂപയ്ക്ക് നൽകുന്നതിന് 31-03-2022ലെ 2(1) നമ്പർ ആയി കമ്മറ്റി തീരുമാനിച്ചു. ഈ തുകയും ജി.എസ്.ടി.യും ടിയാൻ യഥാസമയം പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ഇതിലൂടെ ഗ്രാമപഞ്ചായത്തിന് 40,000/-രൂപ വരുമാന നഷ്ടമുണ്ടായി. ഇത്തരത്തിൽ വരുമാന നഷ്ടമുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. അതു കൂടാതെ ശ്രീ. അബ്ദുൾ വഹാബ് ഒടുക്കിയ മേൽ പറഞ്ഞ ആദ്യതവണയും EMDയും 09/03/2022ൽ ഗ്രാമീൺ ബാങ്കിന്റെ 201766 നമ്പർ ചെക്ക് പ്രകാരം 85,550/-രൂപ തിരികെ നൽകി. എന്നാൽ 19/4/2023 ലെ 22200950 നമ്പർ വൗച്ചർ പ്രകാരം 80,986/-രൂപ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ജി.എസ്.ടി. വിഹിതമായി പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. ഈ തുകയിൽ ശ്രീ. അബ്ദുൾ വഹാബ് 25-02-2022 ലെ 1210105794 നമ്പർ രസീത് പ്രകാരം അടവാക്കിയ CGST – 6,525/-രൂപയും SGST – 6,525/-രൂപയും ഉൾപ്പെടുന്നു. ഈ നടപടിയിലൂടെ ഗ്രാമപഞ്ചായത്തിന് 13,050/-രൂപായുടെ നഷ്ടമുണ്ടായി. ജി.എസ്.ടി. ഇനത്തിൽ അടവാക്കിയ തുക ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 6,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം. 703011400000036) താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | ചെലവ് തുക (രൂപ) |
|---|---|---|
| 170/23 | 14/13.3.23 | ചെലവ്-6,25,000/- വികസനഫണ്ട് (പൊതുവിഭാഗം) |

| | | |
|---|---|---|
| | ആകെ | 6,25,000/- |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/.26.9.2023) വിനിയോഗ സാക്ഷ്യപത്രം കിട്ടുന്നതിനായി കാഫ് ഫീഡ് സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ ₹6,25,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക-6,25,000/-

ഓഡിറ്റ് എൻക്വയറി നം. – 6/26.9.2023.

## 1-16 ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല - 1,00,000/- -രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി ഹോംകോ എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവു തുക (₹) | ബിൽ നം./ തീയതി | ഹോംകോയ്ക്ക് നൽകിയ തുക (₹) | ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|
| 143/23 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | 1,00,000/- (മെയി. ഫണ്ട്-റോഡിതരം) | 1,00,000/- | 31/22-23/ 20.1.23 | 1,00,000/- (PF-618/ 22.10.22) | 1,00,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് നാളിതുവരെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക 1,00,000-രൂപ

ഓഡിറ്റ് എൻക്വയറി നം. – 5/26.9.2023.

## 1-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 3,74,674/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, താഴെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് വർക്കിനായും /മുൻകൂർ വിഹിതമായും നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നമ്പർ | നിർവഹണ ഏജൻസി, ഒടുക്കവരുത്തിയ തുക | ബിൽ നം. | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയതിന്റെ വിവരം |
|---|---|---|---|---|
| 1 | പ്രോജക്ട് നം. – 272/23 ഭാരതീപുരം മുതൽ കിട്ടൻകോണം വരെ സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ അടങ്കൽ-1,00,000/-രൂപ (വികസന ഫണ്ട് ജനറൽ) ചെലവ് 92,949/-രൂപ | കെ.എസ്.ഇ.ബി 92,949/-രൂപ | യു.റ്റി.ആർ. നം. RBI 0682344949535 തീയതി –01.03.23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | പ്രോജക്ട് നം 134/23 വാർഡ് 1 മുതൽ 5 വരെ സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | കെ.എസ്.ഇ.ബി 6,26,993/-രൂപ | ബിൽ നം. 25/ 30.11.22 | 3,45,268/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി. |

| | | | | |
|---|---|---|---|---|
| | അടങ്കൽ-8,00,000/-രൂപ (വികസന ഫണ്ട് ജനറൽ) ചെലവ് 6,26,993/-രൂപ | | | അവശേഷിക്കുന്ന തുക 2,81,725/- രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കണം. |
| | | | ആകെ | 3,74,674/- |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിനിയോഗ സാക്ഷ്യപത്രം കിട്ടുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും കിട്ടുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ വിനിയോഗ വിവരം ലഭ്യമല്ലാത്ത 3,74,674/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-നമ്പർ തീയതി – 7/26.9.2023.

തടസ്സപ്പെടുത്തിയ തുക – 3,74,674/-രൂപ.

## 1-18 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയില്ല.

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ എല്ലാ മാസവും 49,198/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ടാപ്പൊന്നിന് 5,788.13/-രൂപ (വാർഷികം) പ്രകാരം 102 ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള തുകയാണ് അടയ്ക്കുന്നത്. ടാപ്പുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്നു സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക്, ചില പൊതു ടാപ്പുകൾ പ്രവർത്തന രഹിതമായതിനാലും, 2023 മാർച്ച് മാസം മുതൽ ബിൽ തുകയിൽ വർധനവുണ്ടായിട്ടുള്ളതിനാലും സംയുക്ത പരിശോധന നടത്തുന്നതിനായി 23.3.2023 ലെ 1/12 കമ്മിറ്റി തീരുമാനമായി വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഓരോ വാർഡിലേയും പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/23, 26.9.2023

## 1-19 ഘടക സ്ഥാപനങ്ങളുടെ നവീകരണം -നിർവ്വഹണ ഏജൻസിക്ക് അധികമായി നല്കിയ തുകയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്റ്റ് – ഘടക സ്ഥാപനങ്ങളുടെ നവീകരണം (95/23)

അടങ്കൽ തുക - 35,13,452/-രൂപ (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)

ചെലവ് തുക-33,54,732/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നിർവ്വഹണ ഏജൻസി – ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ ഓപറേറ്റീവ് ലിമിറ്റഡ് (ആർട്ട്കോ)

കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ നവീകരണം പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഐറ്റം നം.-3 (RMP Rack Marine PlyWood, Near NREGS. 25.43 ച.മീ.), ഐറ്റം നം. 8 (RMP -Rack-MARINE PLYWOOD, In Store – 22.38 ച.മീ.) എന്നിവ പ്രകാരം റാക്ക് നിർമ്മിച്ചതിന് 17177/ച.മീ. നിരക്കിൽ 18% ജി.എസ്.ടി. ഉൾപ്പെടെ 9,69,055/- രൂപ (ആകെ 47.81 ച.മീ. X 17177 + GST 18% ) ആർട്ട്കോയ്ക്ക് നൽകി (ബിൽ നം.-4 തീ. 21.5.22, ബിൽ നം. – 17, തീ. 15.10.22).

എന്നാൽ ഗവ. ഉത്തരവ് (സാധാ)1/2021/SPD, 05-01-2021, ഗവ. ഉത്തരവ് (സാധാ)4/2018/SPD, 02-02-2018 എന്നിവ പ്രകാരം അനുവദനീയമായ നിരക്ക് 17117/ച.മീ. ആണ്. ഇതുപ്രകാരം 18% ജി.എസ്.ടി. ഉൾപ്പെടെ നൽകേണ്ട തുക 9,65,670/- രൂപയാണ് (ആകെ 47.81 ച.മീ. X 17117 = + GST 18% ). അധികമായി 3,385/- രൂപ (9,69,055 - 9,65,670 ) നൽകി. വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവഹണ ഏജൻസിയായ ആർട്ട്കോയ്ക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണന്ന് മറുപടി ലഭ്യമാക്കി. അധികമായി നൽകിയ തുക നിർവഹണ ഏജൻസിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നൊ തിരികെ ഈടാക്കേണ്ടതാണ്.

നിരാകരണം – 3,385/-രൂപ.

ഓഡിറ്റ് അന്വേഷണം – 14/30.9.2023.

## 1-20 ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ വാഹനം ഉപയോഗപ്രദമല്ല

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മസേനയ്ക്ക് വാങ്ങൽ (99/23) |
| അടങ്കൽ തുക | 6,00,000/-രൂപ (കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 4,97,000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| എ.സി.ആർ. ബിൽ നം. | 151/24-9-22 |

2022-23 വാർഷിക പദ്ധതിയിൽ 6,00,000/- രൂപ വകയിരുത്തി ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ (പ്രോജക്ട് നം. 99/23) എന്ന പേരിൽ പ്രോജക്ട് ഏറ്റെടുക്കുകയും, പഞ്ചായത്ത് കമ്മറ്റിയുടെ 30-7-2022 1(5) ലെ തീരുമാനപ്രകാരം ഇലക്ട്രിക്ക് വാഹനം Gem പോർട്ടൽ മുഖേന 16 ആഗസ്റ്റ് 2022 ന് ബിഡിംഗ് നടത്തുകയും, Floret Technologies എന്ന സ്ഥാപനത്തിന്റെ 4,97,000/- രൂപയുടെ ബിഡ് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. (Bid No-GEM/2022/B/2442180 Project-Ecart For Garbage With Tipping Facility) ഇലക്ട്രിക്ക് വാഹനം 06.12.2022 ൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിച്ച് നൽകുകയും ചെയ്തു.

ഹരിതകർമ്മസേനയ്ക്ക് വാഹനം എന്നാണ് കൈമാറിയത്, നിലവിൽ വാഹനം ഹരിതകർമ്മസേന ഉപയോഗിയ്ക്കുന്നുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയുന്ന മറുപടി ലഭ്യമാക്കി.

ഇലക്ട്രിക്ക് വാഹനം 06.12.2022 ൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിച്ചെങ്കിലും, ജൈവമാലിന്യ ശേഖരണത്തിനായുള്ള ബക്കറ്റ് ആയിരുന്നു വാഹനത്തിൽ സജ്ജീകരിച്ചിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അജൈവ മാലിന്യം ശേഖരിക്കുക എന്നതായതിനാൽ ബക്കറ്റിന്റെ മുകളിലേക്ക് ഗ്രിൽ ഘടിപ്പിച്ച് ലഭ്യമാക്കുന്നതിന് തിരികെ നൽകുകയും ആയത് ഘടിപിച്ച് 2023 മാർച്ച് മാസം തിരികെ ലഭിക്കുകയും ചെയ്തു. വാഹനം ഹരിത കർമ്മസേനയ്ക്ക് കൈമാറിയെങ്കിലും ഡ്രൈവിംഗ് അറിയാവുന്ന രണ്ടുപേർ മാത്രമേ ഹരിതകർമ്മ സേനയിലുണ്ടായിരുന്നുള്ളൂ. ഇവർക്ക് സ്കൂട്ടർ ഓടിച്ചുള്ള പരിചയം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ ഈ ഓഫീസിലെ തന്നെ ഒരു കരാർ ജീവനക്കാരനെ ചുമതലപ്പെടുത്തി ടിയാളുകൾക്ക് പരിശീലനം നൽകുകയും ചെയ്തു. തുടർന്ന് ഓട്ടോറിക്ഷ ഉപയോഗിക്കുന്നതിനായി ഹരിതകർമ്മ സേനാംഗം ശ്രമിച്ചപ്പോൾ കഴിയാതെ വന്നു. മേൽ വിഷയം വിശദമായി പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. Gem മുഖേന ഇലക്ട്രിക്ക് വാഹനം വാങ്ങിയതിനാൽ വാഹനത്തിന്റെ ക്ഷമത പരിശോധിക്കാൻ സാധിച്ചിരുന്നില്ല.

2. വാഹനത്തിന്റെ Motor Output Power ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടത് 1000 - 2000 വാട്ട്സ് വരെയാണ്. എന്നാൽ ലഭിച്ച വാഹനത്തിന്റെ മോട്ടോർ കപ്പാസിറ്റി 1000 വാട്ട്സ് ആണ്.

3. കുളത്തുപ്പുഴയിലെ എല്ലാ വാർഡുകളും കുന്നും മലയും നിറഞ്ഞ പ്രദേശമാണ്, പ്രത്യേകിച്ച് കല്ലുവെട്ടാംകുഴി വാർഡിലെ ഫോറസ്റ്റ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡിലൂടെ എം.സി.എഫ്. സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എത്തിച്ചേരേണ്ടതിനാൽ ടി വാഹനം നിലവിൽ ഉപയോഗിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ടിപ്പർ ലോറിയാണ് ഈ ആവശ്യത്തിനായി ഉപയോഗിച്ച് വരുന്നത്.

ടി വിഷയം സംബന്ധിച്ച് 18.09.2023 ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും വാഹനം സപ്ലൈ ചെയ്ത കമ്പനിയുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ അപാകത പരിഹരിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തുടർ നടപടികൾ

സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ വാങ്ങൽ നടപടികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവനനിർമ്മാണം - പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവന പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

1. ജനറൽ വിഭാഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1. | ശ്രീമതി. ജലജ, ജലജ ഭവൻ, മാർത്താണ്ഡംകര | 40,000/- (30.04.22) |
| 2. | ശ്രീമതി. ജലീല ബീവി, നായില മൻസിൽ, മഠത്തിക്കോണം | 40,000/- (15.02.22)<br>1,60,000/- (22.04.22) |

1. പട്ടികജാതി വിഭാഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1. | ശ്രീമതി. സുലോചന, അമ്പലംമുക്ക് വീട്, റോസ് മല | 40,000/-<br>(30.04.22) |
| 2. | ശ്രീമതി. സുധ എൻ, സുധീഷ് ഭവൻ, കല്ലുവെട്ടാംകുഴി | 40,000/- (26.02.22)<br>1,60,000/- (21.03.22)<br>1,00,000/- (30.04.22) |

മേൽപരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 8,41,235/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 270/23.

സി.എച്ച്.സി. കുളത്തുപ്പുഴയ്ക്ക് രോഗനിർണയ സൗകര്യം ഒരുക്കൽ.

അടങ്കൽ - ₹6,62,709/-

ചെലവ് – ₹4,32,339/-

ചെക്ക് നം. – 700142/31.3.23

പ്രോജക്ട് നം. - 271/23.

ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ.

അടങ്കൽ – ₹4,13,786/-

ചെലവ് - ₹4,08,786/-

ചെക്ക് നം. -700112/31.3.23

മെഡിയ്ക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗ വിവരങ്ങൾ, ചെലവ് രേഖകൾ, അനുബന്ധ വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷൻ (നം. 1/26.9.23), ഓഡിറ്റ് എൻക്വയറി നം. – 13/30.9.23 എന്നിവ നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ 8,41,235/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 8,41,235/-രൂപ.

ഓഡിറ്റ് എൻക്വയറി നം. – 1/26.9.23.

## 1-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 13,30,00,640/-രൂപ വകയിരുത്തി 274240 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 285065 തൊഴിൽദിനങ്ങൾ (103.95%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 9,67,41,536/- രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 72.74%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 1140 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | ജല സംരക്ഷണ പ്രവൃത്തികൾ | 264 | 111 | 104 | 7 | 39.39 |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 12598 | 412 | 354 | 58 | 2.8 |
| 3 | റോഡ് കോൺക്രീറ്റ് | 185 | -- | -- | -- | -- |
| 4 | ഭൂവികസനം | 165 | 250 | 225 | 25 | 136.36 |
| 5 | വൃക്ഷത്തൈ പരിപാലനം | 5 | 9 | 9 | -- | 180 |
| 6 | വർക്ക്ഷെഡ് നിർമ്മാണം, എം.സി.എഫ്, വില്ലേജ് ഹാറ്റ് | 38 | 11 | 11 | -- | 28.94 |

ജല സംരക്ഷണ പ്രവൃത്തികളിൽ 7 എണ്ണവും, വ്യക്തിഗത പ്രവൃത്തികൾ എന്ന ഇനത്തിൽ 58 എണ്ണവും, ഭൂവികസന പ്രവൃത്തികളിൽ 25 എണ്ണവും പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/25.9.23) മറുപടി ലഭ്യമാക്കിയില്ല. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-24 എം.ജി.എൻ.ആർ.ഇ.ജി.എസ്. - മെറ്റീരിയൽ പ്രവൃത്തി ബില്ലുകളിൽ ജി.എസ്.റ്റി. (2% റ്റി.ഡി.എസ്. ആയി) കുറവ് ചെയ്തില്ല.

2017-ലെ സെൻട്രൽ ഗുഡ്സ് & സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ്-ന്റെ 13.9.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.2018-ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതൽ തുകയുള്ള കരാർ നൽകുമ്പോൾ 2% GST സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കേണ്ടതുണ്ട്. 30.7.2019-ലെ സർക്കുലർ നം. 957/EGSC/16/REGS പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2,50,000/- രൂപയിൽ കൂടുതലാണെങ്കിൽ GST 2% ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ 2022-23 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ട ജി.എസ്.റ്റി. 2% (രൂപ) |
|---|---|---|

| | | |
|---|---|---|
| 1 | AV/277168<br>വർക്ക് ഷെഡ് നിർമ്മാണം (വാർഡ്-12)<br>കരാറുകാരൻ- എം.പി.ഫിലിപ്പ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-4,08,300/- രൂപ. | 8,166/- |
| 2 | AV/277169<br>വർക്ക് ഷെഡ് നിർമ്മാണം (വാർഡ്-20)<br>കരാറുകാരൻ- എം.പി.ഫിലിപ്പ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-4,14,085/- രൂപ. | 8,282/- |
| | ആകെ | 16,448/- |

തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/25.9.23) മറുപടി ലഭ്യമാക്കിയില്ല.

## 1-25 ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കരാർ തുകയുടെ 0.5%, (മിനിമം 2,00,000/-രൂപ, മാക്സിമം 5,00,000/-രൂപ) ഇൻഷ്വറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. പ്രസ്തുത വ്യവസ്ഥ കരാറുകാർക്ക് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | പി.എ.സി. തുക (രൂപ) | ഈടാക്കേണ്ട ഫൈൻ തുക (പി.എ.സി. തുകയുടെ 0.2%) (രൂപ) |
|---|---|---|---|
| 1 | പ്രോജക്ട് നം. 7/23<br>ചന്ദനക്കാവ് കുളത്തുപ്പുഴ ഏലാ റോഡ് സംരക്ഷണം.<br>അടങ്കൽതുക – 10,00,000/- രൂപ (CFC).<br>ബിൽ നം. 392/14.2.2023 - 8,20,487/-രൂപ<br>കരാറുകാരൻ - ശ്രീ.അനിൽ കുമാർ. | 7,04,096/- | 1,408/- |
| 2 | പ്രോജക്ട് നം. 322/23<br>വടക്കേ ചെറുകര ജോർജ്ജ് പടിക്കൽ റോഡ് കോൺക്രീറ്റിംഗ്.<br>അടങ്കൽതുക - 4,50,000/- രൂ. (CFC)<br>ബിൽ നം. 636/31.3.23- 4,44,067/- രൂപ.<br>കരാറുകാരൻ - ശ്രീ.സന്തോഷ് ബാബു. | 3,79,481/- | 759/- |
| ആകെ | | | 2,167/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/30.9.23) ലഭ്യമാക്കിയ മറുപടിയിൽ PRICE-3 സോഫ്റ്റ്വെയർ നടപ്പിലാക്കിയതിനു ശേഷമുള്ള പ്രവൃത്തികളായതിനാൽ പ്രസ്തുത സോഫ്റ്റ്വെയറിലെ പരിചയക്കുറവ് മൂലം സംഭവിച്ച അപാകതയാണെന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ കരാറുകാർക്ക് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ ഈ വ്യവസ്ഥ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-26 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - നാളിതുവരെ പൂർത്തീകരിച്ചില്ല -

തടസ്സപ്പെടുത്തുന്ന ചെലവ് - 25,000/-രൂപ

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2021-22 ൽ വിഭാവനം ചെയ്ത പ്രോജക്ടിന് (പ്രോജക്ട് നം. 273/22) വികസനഫണ്ട് (ജനറൽ)-ൽ നിന്നും 70,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു. 2021-22 ൽ പ്രോജക്ടിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. തുടർന്ന് 2022-23 വർഷം പ്രോജക്ട് സ്പിൽ ഓവറാക്കി 60,000/-രൂപ വികസനഫണ്ട് (ജനറൽ)-ൽ നിന്നും അടങ്കൽ വകയിരുത്തി 25,000/- രൂപ ചെലവഴിച്ചു (ബിൽ നം. 37/22-23/22.3.23).

1 മുതൽ 20 വരെയുള്ള വാർഡുകളിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ് വാർഡൊന്നിന് 3,000/- രൂപ ക്രമത്തിൽ 60,000/- രൂപ വകയിരുത്തിയത്. പദ്ധതിക്കായി ആകെ 25,000/- രൂപയാണ് ചെലവഴിച്ചത്. തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടുമില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/30.9.23) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ആർ-ട്രാക്കിന്റെ ആദ്യഘട്ടം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് പരാമർശിച്ചിരിക്കുന്നു. തൻവർഷത്തെ ചെലവു രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കുന്നുവെന്നു പറഞ്ഞിട്ടുണ്ടെങ്കിലും, ട്രഷറി ബിൽ കോപ്പി മാത്രമാണ് ഹാജരാക്കിയത്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിനു വേണ്ടിയുള്ള 25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പൂർത്തീകരണ കാലാവധി ദീർഘിച്ചതിനുള്ള പിഴ ഈടാക്കിയില്ല

കരാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ KPWD Manual 2012 ( G.O.(P) No. 13/2012/PWD തീ.- 1.2.2012), സെക്ഷൻ 2116.1 പ്രകാരം, Compensation For Delay/Liquidated Charges (PAC തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക അനുവദിക്കാവൂ. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപായി നൽകേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന, പൂർത്തീകരണ കാലാവധി ദീർഘിച്ച പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെ അന്തിമ ബിൽ അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 55/23 (Spill Over Of 237/22) |
| പ്രോജക്ടിന്റെ പേര് | എം.സി.എഫ്. വിപുലീകരണം |
| അടങ്കൽ തുക | 12,25,530/-രൂപ (CFC) |
| കരാറുകാരൻ | ശ്രീ. അനീഷ് കുമാർ എസ്. (9,49,224.63 രൂപ.) |
| എഗ്രിമെന്റ് നം/തീയതി | 49/AE/LSGD/KPZA/21-22/22.12.21 |
| ബിൽ നം./തീയതി, തുക | 13/22-23/31.8.22, 3,19,674/- രൂപ.<br>27/22-23/3.2.23, 7,14,084/-രൂപ.<br>(With GST Compensation) |
| എം. ബുക്ക് നമ്പർ | 92/21-22, 270/22-23 |
| പി.എ.സി. | 9,49,224.63 രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 22.12.2021-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 6 മാസമാണ്. അതായത്, പ്രവൃത്തി 21.6.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 21.10.2022-ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 22.6.22 മുതൽ 21.10.22 വരെ = 122 ദിവസങ്ങൾ.

പിഴ = PACx(0.1/100)x(122/7) = 949224.63x(0.1/100)x(122/7) = 16,544/-രൂപ.

ഈടാക്കിയ തുക = 6,376/-രൂപ

ഈടാക്കാൻ ബാക്കി = 16544 – 6376 = 10,168/- രൂപ.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 54/23 (Spill Over Of 230/22) |
| പ്രോജക്ടിന്റെ പേര് | ചെറുകര RGMLPS-ന് ടോയ്‌ലറ്റ് നിർമ്മാണം |
| അടങ്കൽ തുക | 10,00,000/-രൂപ (CFC) |
| കരാറുകാരൻ | ശ്രീ. അനിൽ കുമാർ (7,31,337/-രൂപ) |
| എഗ്രിമെന്റ് നം./തീയതി | 41/AE/LSGD/KPZA/21-22/21.12.2021 |
| ബിൽ നം./തീയതി, തുക | 47/21-22/26.3.2022, 4,00,177/- രൂപ<br>10/22-23/21.7.22, 4,18,920/-രൂപ.<br>(With GST Compensation) |
| എം. ബുക്ക് നമ്പർ | 68/20-21, 47/21-22 |
| പി.എ.സി. | 7,31,337/-രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 21.12.2021-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 20.4.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 18.7.22-ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 21.4.22 മുതൽ 18.7.22 വരെ = 89 ദിവസങ്ങൾ.

പിഴ = PACx(0.1/100)x(89/7) = 731337x(0.1/100)x(89/7) = 9,298/-രൂപ.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 11/30.9.23) മറുപടിയിൽ ക്രമ നമ്പർ (1) പ്രകാരമുള്ള പ്രവൃത്തിയുടെ സൈറ്റ് ശ്മശാനമായിരുന്നുവെന്നും, പ്രവൃത്തിയുടെ നിർവഹണ വേളയിൽ നിരവധി അസ്ഥികൂടങ്ങൾ കണ്ട് പരിഭ്രാന്തരായതുമൂലം തൊഴിലാളികൾ ജോലിയ്ക്ക് ഹാജരാകാൻ വിസമ്മതിച്ചതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ താമസിച്ചതെന്നും പരാമർശിച്ചിരിക്കുന്നു. ആകെ ഫൈൻ തുകയായ 16,544/- രൂപയിൽ, നിലവിൽ ഫൈൻ തുകയായി 6,376/- രൂപ ഈടാക്കിയിട്ടുണ്ടെന്നും, ഒന്നാം പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയതും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതുമായ റിട്ടെൻഷൻ തുക 7,136/- കരാറുകാരന് തിരികെ നൽകാതെ ഫൈൻ ഇനത്തിൽ ക്രമീകരിക്കാമെന്നും, ബാക്കി തുക 3,032/- രൂപ ഒഴിവാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഫൈൻ തുക മുഴുവനും ഈടാക്കേണ്ടതാണ്. ക്രമ നം. (2) -പരാമർശത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ, ക്രമനമ്പർ (1), (2) എന്നിവ പ്രകാരമുള്ള 19,466/- രൂപ (10168+9298 = 19,466/-) കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ഹരിതകർമ്മസേന അവലോകനം

1) കളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2022 ഏപ്രിൽ മുതലാണ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളാണുള്ളത്. അതിൽ 19 വാർഡുകളിലായി 36 അംഗങ്ങളുണ്ട്. 5-ാം വാർഡിൽ അംഗങ്ങൾ ഇല്ല. 20 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന കൃത്യമായി പ്രവർത്തിക്കുന്നില്ല എന്ന് രജിസ്റ്ററുകളിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2) യൂസർ ഫീയായി 2022-23 ൽ 18,87,610/- രൂപയാണ് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമായിട്ടുള്ളത്. പ്ലാസ്റ്റിക്ക് വിറ്റയിനത്തിൽ 2,33,823/-രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും അംഗങ്ങൾക്ക് 19,09,289/- രൂപ വേതനമായി നൽകിയിട്ടുണ്ട്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും വിമുഖത കാണിക്കുന്നുണ്ട്.

3) യൂസർ ഫീ വർധിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, വീട്ട വീടാന്തരം നോട്ടീസ് വിതരണം എന്നിവ നടപ്പിലാക്കി. എല്ലാ ഹരിതകർമ്മസേന അംഗങ്ങൾക്കും വ്യക്തി വിവരങ്ങൾ അടങ്ങിയ ഹരിതകർമ്മസേനാ ഐ ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

4) പ്ലാസ്റ്റിക് ഉൾപ്പടെയുള്ള വിവിധ ഇനം അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി സർക്കാർ പുറത്തിറക്കിയിരിക്കുന്ന കലണ്ടർ പ്രകാരം ശേഖരണം നടത്തുവാൻ സാധിക്കുന്നുണ്ട്. ജനപ്രതിനിധികൾ, ചുമതലയുള്ള ഉദ്യോഗസ്ഥർ, ഹരിത കേരള മിഷൻ പ്രതിനിധികൾ, കരാറിൽ ഏർപ്പെട്ടിട്ടുള്ള ഹരിത സഹായ സ്ഥാപനം കോ-ഓർഡിനേറ്റർ, ഹരിതകർമ്മസേനാ ഭാരവാഹികൾ എന്നിവരുടെ യോഗം നടത്തുന്നുണ്ട്.



തുടർപ്രവർത്തന നിദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും ഹരിതകർമ്മസേന അംഗങ്ങളെ നിയോഗിക്കണം. ഇനിയും ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

3. "മാലിന്യ മുക്ത പഞ്ചായത്ത് " എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യകതാ നിർണയ സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. നിലവിൽ MCF ൽ മാലിന്യങ്ങൾ കുന്നുകൂടിയ അവസ്ഥയാണ്. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ഏജൻസി ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

| ഹരിതകർമ്മ സേന -യൂസർ ഫീ കളക്ഷൻ വിവരങ്ങൾ | | |
|---|---|---|
| ക്രമ നം | മാസം | യൂസർ ഫീ (₹) |
| 1 | ഏപ്രിൽ 2022 | 58,000/- |

| | | |
|---|---|---|
| 2 | മെയ് 2022 | 62,000/- |
| 3 | ജൂൺ 2022 | 68,000/- |
| 4 | ജൂലൈ 2022 | 87,000/- |
| 5 | ആഗസ്റ്റ് 2022 | 1,20,000/- |
| 6 | സെപ്റ്റംബർ 2022 | 1,91,510/- |
| 7 | ഒക്ടോബർ 2022 | 2,10,300/- |
| 8 | നവംബർ 2022 | 2,29,150/- |
| 9 | ഡിസംബർ2022 | 2,54,300/- |
| 10 | ജനുവരി 2023 | 2,39,050/- |
| 11 | ഫെബ്രുവരി 2023 | 2,75,950/- |
| 12 | മാർച്ച് 2023 | 2,68,350/- |

## 1-29 രാഗസരോവരം-രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കണം.

പ്രോജക്റ്റ് നം. 36/23

നിർവഹണം - അസി. എഞ്ചിനീയർ, LSGD



അതുല്യ സംഗീത പ്രതിഭ ശ്രീ. രവീന്ദ്രൻ മാസ്റ്ററുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മനാടായ കുളത്തൂപ്പുഴയിൽ 2009-10 ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച "രാഗസരോവരം" എന്ന സ്മാരകത്തിന്റെ ശില്പിയായി 25.9.2009-ൽ നടന്ന വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം 2.50 നമ്പർ തീരുമാനം, തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 11.6.2009-ലെ 33180/ഡിഎ2 /2009/zതസ്വഭവ നമ്പർ കത്ത് എന്നിവ പ്രകാരം ശ്രീ. രാജീവ് അഞ്ചലിനെ ചുമതലപ്പെടുത്താൻ അനുമതി നൽകിയിരുന്നു. സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 40% പൂർത്തിയായ സമയത്ത്, ഇടയ്ക്കുവച്ച് നിലച്ചിരുന്നു.

പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പുനരാരംഭിക്കാൻ തീരുമാനിച്ചതായും, ഈ പ്രവൃത്തിയുടെ നിർമ്മാണ

പ്രവർത്തനങ്ങൾ തുടർന്നും ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കാമെന്നും ശ്രീ. രാജീവ് അഞ്ചൽ ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിച്ചതായും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 16.10.2018-ലെ കത്തിലൂടെ സർക്കാരിനെ അറിയിച്ചു. പ്രവൃത്തിയുടെ പ്രത്യേക സ്വഭാവവും ശില്പവൈദഗ്ദ്ധ്യവും പരിഗണിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള ചുമതല 26.9.2019-ൽ നടന്ന വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം 2.4 (4.9) നമ്പർ തീരുമാനപ്രകാരം ശ്രീ. രാജീവ് അഞ്ചലിനെ ഏൽപ്പിക്കുവാൻ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന് തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 1.2.2020-ലെ സ.ഉ.(സാധാ) നം.272/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകി.

ഇതിന്റെ അടിസ്ഥാനത്തിൽ ശില്പി ശ്രീ. രാജീവ് അഞ്ചലുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. (കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സമിതിയുടെ 16.5.2020-ലെ 3(14) നമ്പർ തീരുമാനം). അസിസ്റ്റന്റ് എഞ്ചിനീയർ 12.8.2020-ലെ 30/AE/LID &EW/KPZ/2020-2021 നമ്പർ സെലക്ഷൻ നോട്ടീസ് ശില്പിയ്ക്ക് നൽകുകയും, ശില്പി 27.8.2020-ൽ കരാർ വയ്ക്കുകയും ചെയ്തു. (കരാർ നം. 18/AE/LSGD/KPZA/2020-21).

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് 50 ലക്ഷം രൂപയും, എം.എൽ.എ. ഫണ്ട് ഇനത്തിൽ ലഭ്യമായ 40 ലക്ഷം രൂപയും ചേർത്ത് 90 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നിലവിലുള്ള കെട്ടിടത്തിന്റെ പൂർത്തീകരണം, വയലിൻ, പുസ്തകം എന്നീ ശില്പങ്ങളുടെ നിർമ്മാണം, വൈദ്യുതീകരണം എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതീകരണത്തിനായി 4,70,000/- രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിരിക്കുന്നത്.

സ്മാരക നിർമ്മാണ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കണമെന്ന് സർക്കാരിനും, ഗ്രാമപഞ്ചായത്തിനും താല്പര്യമുള്ളതിനാൽ 7.1.2010-ലെ 70443/DA2/2009/LSGD നമ്പർ ഉത്തരവിലെ മുൻകൂർ തുക നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കി, പ്രവൃത്തി ആരംഭിച്ച് ഓരോ ഘട്ടത്തിലും ശില്പിയായ ശ്രീ. രാജീവ് അഞ്ചൽ പാർട്ട് ബില്ലിനായി സമർപ്പിക്കുന്ന റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ മെഷർമെന്റ് ബുക്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അളവുകൾ രേഖപ്പെടുത്തി ആയത് ചെക്ക് മെഷർ ചെയ്ത് ബിൽ പാസ്സാകുന്ന മുറയ്ക്ക് തുക നൽകുവാനും എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിച്ച് തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം. 1 (24) തീ- 11.8.2020).

2019-20 ൽ രൂപീകരിച്ച പ്രസ്തുത പ്രോജക്ട് (നം. 280/20), തുടർ വർഷങ്ങളിൽ സ്പിൽഓവറായി തുടർന്നു. 2021-22 വർഷം മുതൽ ശില്പിയ്ക്ക് തുക നൽകിയിട്ടുണ്ട്. 1 മുതൽ 9 വരെ പാർട്ട് ബില്ലുകൾ പ്രകാരമാണ് 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ തുക പിൻവലിക്കപ്പെട്ടിരിക്കുന്നത്. എം. ബുക്ക് നം. 62/20-21, 63/20-21, 69/20-21, 535/22-23, 154/23-24, 623/23-24, 624/23-24 എന്നിവയിൽ അളവുകൾ രേഖപ്പെടുത്തി ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയാണ് ഓരോ പാർട്ട് ബില്ലുകളും തയ്യാറാക്കിയിട്ടുള്ളത്. പാർട്ട് ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഒന്നാം പാർട്ട് ബിൽ ( തനത് ഫണ്ട്)-പ്രോജകട് നം .147/22 (21-22)

ആകെ പ്രവൃത്തിമൂല്യം = 3,85,786/-രൂപ

(+) 12% GST........ = 46,294/-രൂപ

----------------

ആകെ ................= 4,32,080/-രൂപ (Ch.No.3855974/9.7.21 )

(-) IT – 3,858/-രൂപ

WF – 3,858/-രൂപ

CGST – 3,858/-രൂപ

SGST – 3,858/-രൂപ

Retention– 9,645/-

ആകെ = 25,077/-രൂപ

ശില്പിയ്ക്ക് നൽകിയത് = 4,07,003/- രൂപ.

============

(2) രണ്ടാം പാർട്ട് ബിൽ ( തനത് ഫണ്ട്)-പ്രോജകട് നം .147/22 (21-22)

ആകെ പ്രവൃത്തിമൂല്യം = 4,70,799/-രൂപ

(+) 12% GST ........= 56,496/-രൂപ

------------

ആകെ................ = 5,27,295/-രൂപ (Ch.No. 6277881/23.3.22 )

(-) IT -4,708/- രൂപ

WF-4,708/- രൂപ

CGST - 4,708/- രൂപ

SGST -4,708/- രൂപ

Retention - 11,770/- രൂപ

ആകെ = 30,602/-രൂപ

ശില്പിയ്ക്ക് നൽകിയത്=4,96,693/- രൂപ.

============

(3) മൂന്നാം പാർട്ട് ബിൽ ( തനത് ഫണ്ട്)പ്രോജകട് നം .36/23 (22-23)

ആകെ പ്രവൃത്തിമൂല്യം = 5,54,906/-രൂപ

(+) 12% GST........ = 66,589/-രൂപ

----------

ആകെ ................= 6,21,495/-രൂപ (Ch.No. 6277891/2.7.22 )

(-) IT -5,550/-രൂപ

WF-5,550/-രൂപ

CGST - 5,550/-രൂപ

SGST -5,550/-രൂപ

Retention - 13,873/-രൂപ

ആകെ = 36,073/-രൂപ

ശില്പിയ്ക്ക് നൽകിയത് =5,85,422/- രൂപ.

============

(4) നാലാം പാർട്ട് ബിൽ ( തനത് ഫണ്ട്)-പ്രോജകട് നം .36/23 (22-23)

ആകെ പ്രവൃത്തിമൂല്യം= 4,50,325/-രൂപ

(+) 12% GST .......= 54,039/-രൂപ

----------------

ആകെ................ = 5,04,364/-രൂപ (Ch.No. 8816906/2.11.22 )

(-) IT -4,504/-രൂപ

WF-4,504/-രൂപ

CGST - 4,504/-രൂപ

SGST -4,504/-രൂപ

Retention - 11258/-രൂപ

ആകെ = 29,274/-രൂപ

ശില്പിയ്ക്ക് നൽകിയത് = 4,75,090/- രൂപ.

============

5) അഞ്ചാം പാർട്ട് ബിൽ ( തനത് ഫണ്ട്)-പ്രോജകട് നം .36/23 (22-23)

ആകെ പ്രവൃത്തിമൂല്യം = 4,99,344/-രൂപ

(+) 12% GST........ = 59,921/-രൂപ

----------

ആകെ................ = 5,59,265/-രൂപ (Ch.No. 8816914/15.2.23 )

(-) IT -4,993/-രൂപ

WF-4,993/-രൂപ

CGST - 4,993/-രൂപ

SGST -4,993/-രൂപ

Retention - 12,484/-രൂപ

ആകെ = 32,456/-രൂപ

ശില്പിയ്ക്ക് നൽകിയത് = 5,26,809/- രൂപ.

============

6) ആറാം പാർട്ട് ബിൽ ( തനത് ഫണ്ട്)-പ്രോജകട് നം .190/24 (23-24)

ആകെ പ്രവൃത്തിമൂല്യം = 7,12,514/-രൂപ

(+) 18% GST ........= 1,28,253/-രൂപ

----------

ആകെ.................= 8,40,767/-രൂപ (Ch.No. 8816916/22.5.23 )

(-) IT -7,125/-രൂപ

WF-7,125/-രൂപ

CGST - 7,125/-രൂപ

SGST -7,125/-രൂപ

Retention - 17,813/-രൂപ

ആകെ = 46,313/-രൂപ

ശില്പിയ്ക്ക് നൽകിയത് = 7,94,454/- രൂപ.

============

7) ഏഴാം പാർട്ട് ബിൽ (തനത് ഫണ്ട്)-പ്രോജകട് നം .190/24 (23-24)

ആകെ പ്രവൃത്തിമൂല്യം = 10,60,758/-രൂപ

(+) 18% GST ........= 1,90,936/-രൂപ

----------

ആകെ................ = 12,51,694/- രൂപ(Ch.No. 4312455/17.6.23 )

(-) IT -10,608/-രൂപ

WF-10,608/-രൂപ

CGST - 10,608/-രൂപ

SGST -10,608/-രൂപ

Retention - 26,519/-രൂപ

ആകെ = 68,951/-രൂപ

ശില്പിയ്ക്ക് നൽകിയത് = 11,82,743/- രൂപ.

============

8) എട്ടാം പാർട്ട് ബിൽ ( MLAഫണ്ട്)-പ്രോജകട് നം .190/24 (23-24)

ആകെ പ്രവൃത്തിമൂല്യം = 9,19,922/-രൂപ

(+) 18% GST.........= 1,65,586/-രൂപ

----------

ആകെ ................= 10,85,508/-രൂപ (Ch.No. 4312460/20.7.23 )

(-) IT -9,199/-രൂപ

WF-9,199/-രൂപ

CGST - 9,200/-രൂപ

SGST -9,200/-രൂപ

Retention - 22,998/-രൂപ

ആകെ = 59,796/-രൂപ

ശില്പിയ്ക്ക് നൽകിയത് = 10,25,712/- രൂപ.

============

9) ഒൻപതാം പാർട്ട് ബിൽ (MLAഫണ്ട്)-പ്രോജകട് നം .190/24 (23-24)

ആകെ പ്രവൃത്തിമൂല്യം = 6,77,216/-രൂപ

(+) 18% GST .........= 1,21,899/-രൂപ

----------

ആകെ .................= 7,99,115/-രൂപ (Ch.No. -019331/12.9.23 )

(-) IT -6,772/-രൂപ

WF-6,772/-രൂപ

CGST - 6,773/-രൂപ

SGST -6,773/-രൂപ

Retention - 16,930/-രൂപ

Fine - 60,000/-രൂപ

ആകെ = 1,04,020/-രൂപ

ശില്പിയ്ക്ക് നൽകിയത് = 6,95,095/- രൂപ.

============

ഇത്തരത്തിൽ തനതുഫണ്ടിൽ നിന്നും 47,36,960/-രൂപയും, MLA ഫണ്ടിൽ നിന്നും 18,84,623/- രൂപയും ചേർത്ത് ആകെ 66,21,583/- രൂപയാണ് നാളിതുവരെ പ്രസ്തുത പ്രോജക്റ്റിനായി ചെലവഴിച്ചിട്ടുള്ളത്.

ശില്പിയ്ക്ക് അനുവദനീയമായ തുകകൾ HDFC ബാങ്ക് അക്കൗണ്ട് നം. 50200057339715 -ലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, എഗ്രിമെന്റ് നം. 18/AE/LSGD/KPA/2020-21/27.8.2020-ലെ വ്യവസ്ഥകൾക്ക വിരുദ്ധമായാണ് പാർട്ട് ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന കാണുന്നു.

കരാർ വ്യവസ്ഥ നം. 1 പ്രകാരം, പ്രവൃത്തിയുമായി ബന്ധപ്പെട്ട് വരവ് ചെലവ് കണക്ക പുസ്തകം, വിശദമായ മസ്റ്റർ റോൾ, വൗച്ചറുകൾ, ക്യാഷ് ബില്ലുകൾ (GST), ദൈനംദിന ഡയറി ബുക്കുകൾ എന്നിവ ശില്പി സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ട അധികാരികൾക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കരാർ വ്യവസ്ഥ നം. 16 പ്രകാരം, ചുമതലപ്പെടുത്തിയ എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളും കരാർ ഉടമ്പടിയിലെ നിരക്കുകളും അടിസ്ഥാനപ്പെടുത്തി തയ്യാറാക്കുന്ന ബിൽ തുകയോ, യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതായിരിക്കും ഗ്രാമപഞ്ചായത്ത് ശില്പിക്ക് നൽകുന്ന ഫൈനൽ ബിൽ തുക. ബിൽ തുകയിൽ നിന്നും ആദായനികുതി ഒഴികെയുള്ള നികുതികളും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും പിടിക്കുന്നതല്ല എന്ന് കാണുന്നു. എന്നാൽ സാധാരണ കരാറുകാർക്ക് തുക അനുവദിക്കുന്ന രീതിയിൽ, GST Compensation അനുവദിക്കുകയും, ആദായനികുതി ഉൾപ്പടെയുള്ള എല്ലാ നികുതികളും ഈടാക്കുകയും ചെയ്തിരിക്കുന്നു.

ഒൻപതാം പാർട്ട് ബില്ലിൽ നിന്നും ഫൈൻ ഇനത്തിൽ 60,000/- രൂപ ഈടാക്കിയതിന്റെ ആധികാരികത വ്യക്തമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനാലും മുൻ പാർട്ട് ബില്ലുകളിൽ ഫൈൻ തുക ഈടാക്കാത്തിനാലും ആയതിന് മുന്നോടിയായി ഒൻപതാം പാർട്ട് ബില്ലിൽ നിന്നും മുൻകൂറായി ഫൈൻ ഈടാക്കിയതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/30.9.23) മറുപടി നൽകിയിട്ടുണ്ട്.

വൈദ്യുതീകരണ പ്രവൃത്തികൾക്കായി 4,70,000/-രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും, നാളിതുവരെ പ്രവൃത്തികൾ നിർവഹിച്ചിട്ടില്ല എന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ 29.9.23-ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.1/21.9.23) മറുപടിയിൽ രണ്ടാം ഘട്ട നിർമ്മാണ വേളയിൽ കെട്ടിടത്തിന്റെ മനോഹാരിതയ്ക്ക് പ്രത്യേക ഡിസൈൻ പ്രകാരം ആവശ്യമായ ഭാഗത്ത് ഇലക്ട്രിക്കൽ ലൈറ്റുകൾ ക്രമീകരിക്കേണ്ടതുണ്ടെന്ന് ശില്പി അറിയിച്ചതിനാൽ അംഗീകൃത എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച 4,70,000/- രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഇപ്പോൾ നടത്തേണ്ടതില്ലെന്നും രണ്ടാം ഘട്ട നിർമ്മാണ വേളയിൽ ക്രമീകരിക്കേണ്ട ഡിസൈൻ അനുസരിച്ച് ലൈറ്റ് പോയിന്റുകൾ സ്ഥാപിച്ച് ഇലക്ട്രിഫിക്കേഷൻ നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് പരാമർശിച്ചിരിക്കുന്നു.

എഗ്രിമെന്റ് വ്യവസ്ഥ നം. 18 പ്രകാരം, പ്രസ്തുത പ്രവൃത്തി 1.8.2021-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ, നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ, ഇലക്ട്രിഫിക്കേഷൻ ഉൾപ്പടെയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, പ്രവൃത്തിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ശില്പി സൂക്ഷിക്കേണ്ട രേഖകൾ, ചെലവിന്റെ വിശദാംശങ്ങൾ മുതലായവയുടെ പരിശോധനയ്ക്ക് വിധേയമായി എഗ്രിമെന്റ് വ്യവസ്ഥ നം. 16- ൽ നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുന്നതിനും, നിയമാനുസൃത ഫൈനുകൾ ഈടാക്കിയ ശേഷം ശില്പിയ്ക്ക് തുക അനുവദിക്കുന്നതിനും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-30 വാടക കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2022-23 ൽ കളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1300/B നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്തിരുന്ന കേരള ബാങ്ക് വാടക അടവാക്കിയതായി കണ്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരൻ | പ്രതിമാസവാടക തുക (₹) | കുടിശ്ശിക (₹) (01.04.2022 മുതൽ 31.03.2023 വരെ |
|---|---|---|---|---|
| 1 | 1300/B | കേരള ബാങ്ക് | 32,833/- (27825+5008(GST) | 3,93,996/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി-10/27-09-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-31 തനത് വരുമാനം-അവലോകനം

### വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല. അതുമൂലം നികുതി നഷ്ടമുണ്ടാകുന്നു.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം. 25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 05.08.2023-ലെ 5/3-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

4. സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണസമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

5. തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അതുപ്രകാരം സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഘടക സ്ഥാപനങ്ങളുടെ നവീകരണം -നിർവ്വഹണ ഏജൻസിക്ക് അധികമായി നല്കിയ തുക നിരാകരിക്കുന്നു.

പ്രോജക്ട് – ഘടക സ്ഥാപനങ്ങളുടെ നവീകരണം (95/23)

അടങ്കൽ തുക - 35,13,452/-രൂപ (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)
ചെലവ് തുക-33,54,732/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നിർവ്വഹണ ഏജൻസി – ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് (ആർട്ട്കോ)

കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ നവീകരണം പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഐറ്റം നം.-3 (RMP Rack Marine PlyWood, Near NREGS. 25.43 ച.മീ.), ഐറ്റം നം. 8 (RMP -Rack-MARINE PLYWOOD, In Store – 22.38 ച.മീ.) എന്നിവ പ്രകാരം റാക്ക് നിർമ്മിച്ചതിന് 17177/ച.മീ. നിരക്കിൽ 18% ജി.എസ്.ടി. ഉൾപ്പെടെ 9,69,055/- രൂപ (ആകെ 47.81 ച.മീ. X 17177 + GST 18% ) ആർട്ട്കോയ്ക്ക് നൽകി (ബിൽ നം.-4 തീ. 21.5.22, ബിൽ നം. – 17, തീ. 15.10.22).

എന്നാൽ ഗവ. ഉത്തരവ് (സാധാ)1/2021/SPD, 05-01-2021, ഗവ. ഉത്തരവ് (സാധാ)4/2018/SPD, 02-02-2018 എന്നിവ പ്രകാരം അനുവദനീയമായ നിരക്ക് 17117/ച.മീ. ആണ്. ഇതുപ്രകാരം 18% ജി.എസ്.ടി. ഉൾപ്പെടെ നൽകേണ്ട തുക 9,65,670/- രൂപയാണ് (ആകെ 47.81 ച.മീ. X 17117 = + GST 18% ). അധികമായി 3,385/- രൂപ (9,69,055 - 9,65,670 ) നൽകി. വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവഹണ ഏജൻസിയായ ആർട്ട്കോയ്ക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികമായി നൽകിയ തുക നിർവഹണ ഏജൻസിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നൊ തിരികെ ഈടാക്കേണ്ടതാണ്.

നിരാകരണം – 3,385/-രൂപ.

ഓഡിറ്റ് അന്വേഷണം – 14/30.9.2023.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 29.09.2023 & 30.09.2023 | കെ.എസ്.എ.കെ.എൽ.എം.പി1/1733/2023, തീയതി – 18/10/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 7,60,000/- | പ്രോ. നം. 121/23 ലൈഫ് ഭവന പദ്ധതി -ജനറൽ | 7,60,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,00,000/- | പ്രോ. നം.32/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | 5,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,38,000/- | പ്രോ. നം.28/23 അങ്കണവാടി പോഷകാഹാരം (ജനറൽ) | 3,38,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,00,000/- | പ്രോ. നം.140/23 ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 6,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 11,25,000/- | പ്രോ. നം.141/23 ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി) | 11,25,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 16,20,000/- | പ്രോ. നം.123/23 ലൈഫ് ഭവന നിർമ്മാണം(SC) | 16,20,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,38,000/- | പ്രോ. നം.142/23 ലൈഫ് ഭവന നിർമ്മാണം (പട്ടിക വർഗ്ഗം) | 3,38,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,60,000/- | പ്രോ. നം.224/23 അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യൽ പ്രവർത്തനങ്ങൾ | 1,60,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 66,292/- | പാലിന് സബ്സിഡി | 66,292/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,17,035/- | പ്രോ. നം.28/23 അങ്കണവാടി പോഷകാഹാരം (ജനറൽ) | 2,17,035/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 29,80,000/- | പ്രോ. നം.121/23 ലൈഫ് ഭവന പദ്ധതി -ജനറൽ | 29,80,000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 6,00,000/- | പ്രോ. നം.83/23 ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.) | 6,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 26,40,000/- | പ്രോ. നം.123/23 ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.) | 26,40,000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,32,000/- | പ്രോ. നം.142/23 ലൈഫ് ഭവന നിർമ്മാണം (ടി.എസ്.പി.) | 4,32,000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50,000/- | പ്രോ. നം.104/23 അംഗനവാടി പോഷകാഹാരം (ജനറൽ) | 50,000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 13,00,000/- | പ്രോ. നം.29/23 അംഗനവാടി പോഷകാഹാരം (എസ്.സി.പി.) | 13,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,10,000/- | പ്രോ. നം.32/23 ശാരീരിക മാനസിക | 2,10,000/- | - |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 6,25,000/- | പ്രോ. നം.140/23 ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-ജനറൽ | 6,25,000/- | - |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നമ്പർ 1 മുതൽ 5 വരെ | 42201610 | 6,26,993/- | 0 | 6,26,993/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നമ്പർ 6 മുതൽ 10 വരെ | 42201616 | 8,90,971/- | 0 | 8,90,971/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നമ്പർ 11 മുതൽ 16 വരെ | 42201615 | 8,99,986/- | 0 | 8,99,986/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നമ്പർ 16 മുതൽ 20 വരെ | 42201614 | 8,99,986/- | 0 | 8,99,986/- |
| കെ.എസ്.ഇ.ബി. | ഭാരതീപുരം മുതൽ കിട്ടൻക്കോണം സ്ട്രീറ്റ് ലൈൻ വലിക്കൽ | 42201470 | 92,949/- | 0 | 92,949/- |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | 88169141 | 1,25,248/- | 0 | 1,25,248/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നമ്പർ 6 മുതൽ 10 വരെ | 42201616 | 3,97,800/- | 0 | 3,97,800/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നമ്പർ 16 മുതൽ 20 വരെ | 42201614 | 3,97,800/- | 0 | 3,97,800/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3,16,40,000/- രൂപ വരവുണ്ട്. മുൻബാക്കി 95,49,223/- രൂപയടക്കം 4,11,89,223/- രൂപയിൽ 31,64,000/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (KURDFC) | | 3,16,40,000/- | 6,86,66,000/- (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 1,10,14,057/- | - | 8,92,91,943/-* |

* വായ്പ രജിസ്റ്റർ, അനുബന്ധ രേഖകൾ പരിപാലിക്കാത്തതിനാൽ വായ്പയുടെ വിനിയോഗം സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1501000/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1501000/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1501000/-രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി | തുക (₹) |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 30.09.2014 | 10,00,000/- |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 07.11.2016 | 5,00,000/- |
| 3 | കൊല്ലം സഹകരണ മിൽ | 08.3.1978 | 800/- |
| 4 | കൊല്ലം സഹകരണ മിൽ | 07.09.1993 | 200/- |
| ആകെ | | | 15,01,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 2,001/- | ശ്രീ. രമേഷ് കെ.എസ്, സെക്രട്ടറി | 1220104993/29.11.22 |
| ലഭ്യമല്ല | ലഭ്യമല്ല | 1,478/- | ശ്രീ. രമേഷ് കെ.എസ്, സെക്രട്ടറി | 1220104994/29.11.22 |
| ലഭ്യമല്ല | ലഭ്യമല്ല | 983/- | ശ്രീ. രമേഷ് കെ.എസ്, സെക്രട്ടറി | 1220104995/29.11.22 |
| ലഭ്യമല്ല | ലഭ്യമല്ല | 2,129/- | ശ്രീ. രമേഷ് കെ.എസ്, സെക്രട്ടറി | 1220104996/29.11.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-1999 | 3 | 2000-2001 | പട്ടികജാതി ദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ്ജ വിളക്ക് വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-2000 | 34 | 2003-2004 | പദ്ധതിനിർവഹണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-6 | 2015-2016 (2-2) | രണ്ടു നില കെട്ടിടം പണിയുന്നതിന് അനുമതി നേടിയ ശേഷം മൂന്നു നില കെട്ടിടം പണിതു. യാതൊരു | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

| | | | | |
|---|---|---|---|---|
| | | | ക്രമവൽകരണ നടപടികളും സ്വീകരിക്കാതെ കെട്ടിട നമ്പർ അനുവദിച്ച നൽകി | |
| 2016-2017 | 3-10 | 2015-2016 (2-3) | കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായും ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|
| 7,776/- | ശ്രീ. സാബു വർഗ്ഗീസ്, അസി. എഞ്ചിനിയർ, എൽ എസ്.ജി.ഡി. | 1220104289/06.10.22 |
| 23,605/- | ശ്രീ. ജാഫർഖാൻ, അസി. എഞ്ചിനിയർ, എൽ എസ്.ജി.ഡി. | 1220104974/25.11.22 |
| 20,745/- | ശ്രീ. ജാഫർഖാൻ, അസി. എഞ്ചിനിയർ, എൽ എസ്.ജി.ഡി. | 1220104985/26.11.22 |
| 4,255/- | ശ്രീ. ജാഫർഖാൻ, അസി. എഞ്ചിനിയർ, എൽ എസ്.ജി.ഡി. | 1220104986/26.11.22 |
| 30,791/- | ശ്രീ. ജാഫർഖാൻ, അസി. എഞ്ചിനിയർ, എൽ എസ്.ജി.ഡി. | 1220104987/26.11.22 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-27 | - | 19,466/- | ശ്രീമതി. രമ്യ സത്യൻ, അസി.എഞ്ചിനീയർ<br>ശ്രീ. പ്രമോദ്, അസി. എഞ്ചിനീയർ |
| 3-1 | - | 3,385/- | ശ്രീ. രമേഷ് കെ.എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 6,25,000/- | ശ്രീ. അനിൽ കുമാർ ആർ, വെറ്ററിനറി സർജൻ |
| 1-16 | 1,00,000/- | ശ്രീ. ഷിബുകുമാർ എസ്, സെക്രട്ടറി |
| 1-17 | 3,74,674/- | ശ്രീ. ഷിബുകുമാർ എസ്, സെക്രട്ടറി |
| 1-22 | 8,41,235/- | ഡോ. പ്രകാശ്, മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. |
| 1-26 | 25,000/- | ശ്രീ. പ്രമോദ്, അസി.എഞ്ചിനീയർ |
| ആകെ | 19,65,909/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) |
|---|---|
| 1-24 | 16,448/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. അനിൽ കുമാർ ആർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,വെറ്ററിനറി ഹോസ്പിറ്റൽ കുളത്തുപ്പുഴ | ടി.സി. 21/413, പുതുമന ലെയിൻ, നെടുങ്കോട് റോഡ്, കരമന |
| ശ്രീ. ഷിബുകുമാർ എസ്, സെക്രട്ടറി | സെക്രട്ടറി, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | പടിഞ്ഞാറ്റതിൽമേലെ വീട്, അയണിമൂട്, പോത്തൻക്കോട് |
| ഡോ. പ്രകാശ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കുളത്തൂപ്പുഴ | പ്രകാശ് ഭവൻ, മുക്കോലക്കൽ, നെടുമങ്ങാട് |
| ശ്രീ. പ്രമോദ്, അസി. എഞ്ചീനിയർ | അസി.എഞ്ചീനിയർ, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | ശ്രീ.വാസുദേവം, കൊട്ടുവഴന്നോർ പി.ഒ, പുളിമാത്ത്, കിളിമാന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 02 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 05 |
| 2003-04 | എൽ.എഫ്.ക്യു.പി4/447/2007 തീയതി 30.03.2007 | 3 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 04 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 2006-07 | എൽ.എഫ്.ക്യു.പെൻ/86/2009 തീയതി 03.02.2009 | 06 |
| 2007-08 | എൽ.എഫ്.ക്യു.പി4/1182/2011 തീയതി 07.12.2011 | 16 |
| 2008-09 | എൽ.എഫ്.ക്യു.പി4/1325/2014 തീയതി 19.06.2014 | 14 |
| 2009-10 | എൽ.എഫ്.ക്യു.പി4/1325/2014 തീയതി 19.06.14 | 17 |
| 2010-11 | എൽ.എഫ്.ക്യു.പി4/735/2012 തീയതി 30.04.2013 | 16 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2011-12, 2012-13/1450/22(1) തീയതി 23.08.2022 | 14 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2013-14, 2014-15/1450/22(2) തീയതി 23.08.2022 | 17 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2015-16/ 1450/22(3) തീയതി 23.08.2022 | 11 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി1/1420/20 തീയതി 9.2.21 | 13 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി1/695/21 തീയതി 18.6.21/30.6.21 | 15 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി1/1386/20 3.5.21/21.6.21 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി1/395/22/ 30.6.22 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി1/396/2022/ Dt.25.07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ-കെ.എൽ.എം-പി1/2268/2022/ Dt.01.04.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kulathupuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kulathupuzha Grama Panchayat for the year 2022-2023

Date: 04/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Kulathupuzha Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit :-
   Ratios.

2. Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Demand Register does not match with financial statements.

4. Advance Register, Deposit Register, Loan Register, Investment Register and Asset Registers are not properly maintained.

5. Actual grants (Development Fund-General, SCP, TSP) utilized during the Financial year as per Sulekha

statement does not match with ACR.

6. LIFE- State share and KURDFC loan expenditure during the Financial year as per Register doesnot match with AFS.

7. Cheques uncashed for more than 3 months were not transferred to stale cheque account head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്